# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3199 07.02.2018-ൽ മറുപടിയ്ക്ക്**

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ ഹരി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി തുക അനുവദിച്ചിട്ടും നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | എ) ഉണ്ട്.<br>& ബി) ഫിഷറീസ് വകുപ്പ് മുഖേന 2010-11 ൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുന്ന സമഗ്ര തീരദേശ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കണ്ടല്ലൂർ പഞ്ചായത്തിൽ 105 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്കാണ് ആലപ്പുഴ ജില്ലയിൽ അനുമതി നൽകിയിട്ടുള്ളത്.കണ്ടല്ലൂർ പഞ്ചായത്തിൽ 138.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിരിക്കുന്നത്. തുടർന്ന് കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതി ലഭ്യമാക്കിയതായി അറിയിച്ചിരുന്നുവെങ്കിലും കരാറിൽ ഒപ്പുവച്ചിരുന്നില്ല. ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ ടെണ്ടർ കാൻസൽ ചെയ്തതായും വീണ്ടും റീ ടെണ്ടർ 3 തവണ ചെയ്തതായും അറിയിച്ചിരുന്നു. എന്നാൽ വർക്ക് ആരംഭിക്കാൻ സാധിച്ചിട്ടില്ല. 17.05.2017 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ ആലപ്പുഴ കണ്ടല്ലൂർ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് അടിയന്തര നിർദ്ദേശം നൽകിയിരുന്നു. |
| സി) രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന പ്രസ്തുത പ്രദേശത്ത് എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ? | സി) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായതിനു ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ